## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 467. 06.02.2013 ൽ മറുപടിയ്ക്ക്

### സ്വകാര്യ വാഹനങ്ങൾ സർക്കാർ ആവശ്യങ്ങൾക്ക് വാടകയ്ക്ക് എടുക്കൽ

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) സ്വകാര്യവാഹനങ്ങൾ സർക്കാർ ആവശ്യങ്ങൾക്ക് വാടകയ്ക്ക് എടുക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ; ഏതുതരം വാഹനങ്ങൾ എന്ത് മാനദണ്ഡങ്ങൾ പാലിച്ചാണ് ഇപ്രകാരം വാടകയ്ക്ക് എടുക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | (എ) | സ്വകാര്യ വാഹനങ്ങൾ സർക്കാർ ആവശ്യങ്ങൾക്ക് വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച് പൊതുവായ ഉത്തരവുകളൊന്നും ഗതാഗത വകുപ്പ് നല്കിയിട്ടില്ല. |
| (ബി) ടാക്സി പെർമിറ്റുപോലും ഇല്ലാത്ത സ്വകാര്യവാഹനങ്ങൾ പൾസ്പോളിയോ മരുന്ന് കൊണ്ടു പോകുന്നതിന് ഉപയോഗിക്കുകയും അപ്രകാരം ഓടിയ വാഹനങ്ങൾ പിടിക്കുകയും ചെയ്ത സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; പ്രസ്തുത കേസുകളിൽ എന്ത് നടപടിയാണ് ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ ; ഇപ്രകാരം വ്യാജ ടാക്സികൾ സർക്കാർ ആവശ്യത്തിന് വിനിയോഗിച്ച ഉദ്യോഗസ്ഥന്മാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ; ചേർത്തലയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ-യെന്ന് വെളിപ്പെടുത്തുമോ ? | (ബി) | ഉണ്ട്.<br>ചേർത്തല സബ്ബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ കീഴിൽ സ്വകാര്യ വാഹനമായ കെ.എൽ. 32 -7843 നമ്പർ മോട്ടോർ കാർ പൾസ് പോളിയോ പ്രവർത്തനത്തിന് ഉപയോഗിച്ചതായി കാണുകയും, ആർ.സി.ബുക്ക് കണ്ടുകെട്ടുകയും, റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വാഹന ഉടമയ്ക്കെതിരെ നിയമപരമായ നടപടികൾ ചേർത്തല ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് സ്വീകരിച്ചു വരുന്നുണ്ട്. പൾസ് പോളിയോ പ്രോഗ്രാം ആരോഗ്യവകുപ്പാണ് നടപ്പാക്കുന്നത്. അതിനാൽ വ്യാജ ടാക്സി സർക്കാർ ആവശ്യത്തിന് വിനിയോഗിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടത് ആരോഗ്യവകുപ്പാണ്. |

സെക്ഷൻ ഓഫീസർ.